**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2094** | **05.12.2018-ൽ മറുപടിക്ക്** |
|---|---|

## പോക്സോ കേസുകൾ

| | ചോദ്യം<br>ശ്രീ. വി.ടി. ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന പോക്സോ കേസുകളിൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം വളരെ കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം കുറയുന്നതിനു കാരണം കൃത്യമായി വിലയിരുത്തുന്നതിന് കൂടുതൽ പരിശോധനകൾ ആവശ്യമാണ്. |
| (ബി) | പോക്സോ കേസുകളിൽ പരാതി കിട്ടി മൂന്ന് മാസത്തിനകം കുറ്റപത്രം നൽകണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; | (ബി) | ഗൗരവായി പരിഗണിക്കും. പോക്സോ കേസുകൾ രജിസ്റ്റർ ചെയ്ത് രണ്ട് മാസത്തിനകം തന്നെ കുറ്റപത്രം സമർപ്പിക്കണമെന്ന് നിയമ വ്യവസ്ഥയിൽ ഉണ്ട്. |
| (സി) | നിയമം നടപ്പാക്കുന്നതിലെ അപകാതകൾ ചൂണ്ടിക്കാട്ടി പോലീസ് പ്രായോഗിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) | ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കുലറുകളിലേയും മറ്റും നിർദ്ദേശങ്ങൾ സമയബന്ധിതമായും, കൃത്യമായും പാലിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്കും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ആറ് വർഷം മുമ്പുള്ള കേസുകളിൽ പോലും കോടതികളിൽ തീരുമാനം ആകാതെ ഇരിക്കുന്ന സാഹചര്യത്തിൽ കുറ്റവാളികൾക്ക് ഇരയെ സമ്മർദ്ദത്തിലാക്കുന്നതിനും സാക്ഷികളെ കൂറുമാറ്റുന്നതിനും സാഹചര്യം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളുടെ വിചാരണ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ പോക്സോ കേസുകളുടെ വിചാരണ നടത്തുന്നതിനായി അധികാരപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ